**കേരള സർക്കാർ**

**സംഗ്രഹം**

പെൻഷൻ - പതിനൊന്നാം പെൻഷൻ പരിഷ്കരണം - കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ പെൻഷൻകാരുടെ/കുടുംബ പെൻഷൻകാരുടെ പെൻഷൻ/കുടുംബ പെൻഷൻ ആനുകൂല്യങ്ങൾ 01.07.2019 പ്രാബല്യത്തിൽ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**

**സ.ഉ(അച്ചടി) നം.14/2023/ധന.** **തീയതി, തിരുവനന്തപുരം, 06/02/2023**

---

പരാമർശം:- 1. സ.ഉ(അ) നം.30/2021/ധന തീയതി 12/02/2021.

2. സ.ഉ(അ) നം.35/2021/ധന തീയതി 23/02/2021.
3. പരിപത്രം നം.27/2021/ധന തീയതി 19/03/2021.
4. പരിപത്രം നം.30/2021/ധന തീയതി 27/03/2021.
5. സ.ഉ(അ) നം.80/2021/ധന തീയതി 02/06/2021.
6. പരിപത്രം നം.50/2021/ധന തീയതി 02/07/2021.
7. സ.ഉ(അ) നം.162/2021/ധന തീയതി 02/12/2021.
8. സ.ഉ(എം.എസ്) നം.04/2022/ഇ.എൻ.വി.റ്റി തീയതി 07/06/2022.
9. സ.ഉ(അ) നം.103/2022/ധന തീയതി 01/09/2022.

**ഉത്തരവ്**

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ 01/07/2019 പ്രാബല്യത്തിൽ പരിഷ്കരിച്ച് പരാമർശം (8) പ്രകാരം ഉത്തരവായിരുന്നു. ടി വിഭാഗം ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം സംബന്ധിച്ച വസ്തുതകൾ സർക്കാർ വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷനും മറ്റ് വിരമിക്കൽ ആനുകൂല്യങ്ങളും ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി 01/07/2019 മുതൽ പ്രാബല്യം നൽകി പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. 01.04.2013 ന് മുൻപ് റഗുലർ സർവ്വീസിൽ പ്രവേശിച്ച് വിരമിച്ചവർക്ക് മാത്രമാണ് ഈ ഉത്തരവ് ബാധകം.

ii. പരാമർശം (1), (2) ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ച് പെൻഷൻ പരിഷ്കരിക്കേണ്ടതാണ്. പരാമർശം (1) മുതൽ (6) വരെയുള്ള ഉത്തരവുകളിലെയും പരിപത്രങ്ങളിലെയും പെൻഷൻ/കുടുംബ പെൻഷൻ പരിഷ്കരണ കുടിശ്ശിക സംബന്ധിച്ച വ്യവസ്ഥകൾ ഒഴികെയുള്ളവ ബാധകമാക്കേണ്ടതാണ്.

iii. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച പെൻഷൻ/കുടുംബ പെൻഷൻ 2023 മാർച്ച് മാസം മുതൽ വിതരണം ചെയ്യുന്നതാണ്. 2023 ഫെബ്രുവരി മാസത്തെ കുടിശ്ശിക 2023 മാർച്ച് മാസത്തെ പെൻഷനോടൊപ്പം നൽകേണ്ടതാണ്. 01.07.2019 മുതൽ

31.01.2023 വരെയുള്ള പെൻഷൻ/കുടുംബ പെൻഷൻ പരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച് പിന്നീട് തീരുമാനം ഉണ്ടാകുന്നതാണ്.

iv. 01/07/2019-നോ അതിനുശേഷമോ വിരമിച്ചവരുടെ, ഡി.സി.ആർ.ജി / ടെർമിനൽ സറണ്ടർ കുടിശ്ശിക എന്നിവ തുല്യ ഗഡുക്കളായി വിഭജിച്ച്, ആദ്യ രണ്ട് ഗഡുക്കൾ 2023 മാർച്ച് മാസത്തിലെ പെൻഷനോടൊപ്പവും ബാക്കി രണ്ട് ഗഡുക്കൾ സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച പെൻഷൻകാർക്ക് അനുവദിക്കുന്ന തീയതികളിലും നൽകേണ്ടതാണ്. കമ്മ്യൂട്ടേഷൻ കുടിശ്ശിക ഒറ്റത്തവണയായി 01/03/2023 ന് പണമായി വിതരണം ചെയ്യേണ്ടതാണ്.

v. അർഹതപ്പെട്ട ഡി.സി.ആർ.ജി/ടെർമിനൽ സറണ്ടർ എന്നിവ പരിഷ്കരിച്ചതിന്റെ മുഴവൻ കുടിശ്ശികയും സ്വീകരിക്കാതെ പെൻഷണർ മരണപ്പെടുന്ന സാഹചര്യങ്ങളിൽ, മരണമടയുന്ന തീയതി വരെയുള്ള പ്രസ്തുത കുടിശ്ശിക പെൻഷണറുടെ നോമിനി/നിയമപരമായ അവകാശികൾക്ക് പരാമർശം (9) ലെ നിർദ്ദേശങ്ങൾ പ്രകാരം നൽകേണ്ടതാണ്.

vi. പെൻഷൻ പരിഷ്കരണം വഴി എന്തെങ്കിലും അധിക തുക തെറ്റായി നൽകിയതായി ഭാവിയിൽ കണ്ടെത്തുന്ന പക്ഷം ടി തുക, ഡി.സി.ആർ.ജി-യുടെ കുടിശ്ശിക, പെൻഷന്റെ കുടിശ്ശിക, ക്ഷാമാശ്വാസ കുടിശ്ശിക, ഭാവിയിലെ ക്ഷാമാശ്വാസം എന്നിവയിൽ നിന്ന് ഈടാക്കേണ്ടതാണ്.

vii. 01/04/2021 മുതൽ 01/02/2023 വരെയുള്ള മെഡിക്കൽ അലവൻസ്, സ്പെഷ്യൽ കെയർ അലവൻസ് എന്നിവയുടെ കുടിശ്ശിക 2023 മാർച്ച് മാസത്തെ പെൻഷനോടൊപ്പം നൽകേണ്ടതാണ്.

viii. പെൻഷൻ പരിഷ്കരണത്തെ തുടർന്നുള്ള പുതുക്കിയ നിരക്കുകൾ പെൻഷൻ വിതരണ അതോറിറ്റി ആതറൈസ് ചെയ്യേണ്ടതാണ്.

ix. പെൻഷൻ ആനുകൂല്യങ്ങൾ പരിഷ്കരിച്ചതിനെത്തുടർന്ന് അധികം കൈപ്പറ്റിയിട്ടുള്ള തുക, ഡി.സി.ആർ.ജി, പെൻഷൻ കുടിശ്ശിക, ക്ഷാമാശ്വാസ കുടിശ്ശിക, പെൻഷന്റെ ഭാവിയിലുണ്ടാകാവുന്ന ക്ഷാമാശ്വാസം, എന്നിവയിൽ നിന്ന് ഈടാക്കുന്നതാണ് എന്ന സത്യവാങ്മൂലം ഓരോ പെൻഷണറും/കുടുംബ പെൻഷണറും അനുബന്ധം 1-ലെ പെൻഷൻ പരിഷ്കരണ അപേക്ഷയോടൊപ്പം അനുബന്ധം 2-ൽ ചേർത്തിട്ടുള്ള മാതൃകയിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ്.

x. സംസ്ഥാന സർവ്വീസ് പെൻഷൻകാർ/വിരമിച്ച അധ്യാപകർ എന്നിവർക്ക് ബാധകമാക്കുന്ന എല്ലാ ഉത്തരവുകളും പരിപത്രങ്ങളും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ പെൻഷൻകാർക്ക് ബാധകമായിരിക്കും.

xi. മലിനീകരണ നിയന്ത്രണ ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും പെൻഷൻ പരിഷ്കരണത്തിനുള്ള മുഴവൻ തുകയും കണ്ടെത്തേണ്ടതാണ്. ബഡ്ജറ്റ് വിഹിതത്തിനുപരിയായി സർക്കാർ അധിക ധനസഹായം അനുവദിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സഞ്ജയ് എം. കൗൾ**

ധനകാര്യ വ്യയം സെക്രട്ടറി

പകർപ്പ്:-

1. ചെയർമാൻ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, പട്ടം പി.ഒ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് -II), കേരള, തിരുവനന്തപുരം.
4. പരിസ്ഥിതി (എ) വകുപ്പ്.
5. പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.നം.1351 തീയതി 01.02.2023).
6. നോഡൽ ഓഫീസർ, www.finance.kerala.gov.in
7. ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (E-1800247)

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

## അനുബന്ധം 1

ഒരേ പേപ്പറിന്റെ ഇരുവശവും ഉപയോഗിക്കുക. മൂന്ന് പകർപ്പ് സമർപ്പിക്കുക.

| പെൻഷൻ ഐ ഡി നമ്പർ - |
|---|

**പെൻഷൻ/കുടുംബ പെൻഷൻ/എക്സ്ഗ്രേഷ്യ പെൻഷൻ/എക്സ്ഗ്രേഷ്യ കുടുംബപെൻഷൻ പരിഷ്കരിക്കുന്നതിനുള്ള അപേക്ഷ**

**(06/02/2023 തീയതിയിലെ സ.ഉ(അച്ചടി) നം.14/2023/ധന പ്രകാരം)**

| | |
|---|---|
| 1. പെൻഷണറുടെ പേരും ജനനത്തീയതിയും | |
| 2. പെൻഷന്റെ സ്വഭാവം<br>(ശരിയായത് ടിക് മാർക്ക് ചെയ്യുക) | സർവീസ് പെൻഷൻ / കുടുംബ പെൻഷൻ / എക്സ്ഗ്രേഷ്യ പെൻഷൻ / എക്സ്ഗ്രേഷ്യ കുടുംബ പെൻഷൻ |
| 3. പിൻകോഡ് ഉൾപ്പെടെയുള്ള പോസ്റ്റൽ മേൽവിലാസം (മൊബൈൽ ഫോൺ നമ്പർ ഉൾപ്പെടെ) | |
| 4. വിരമിച്ച ഓഫീസ് | |
| 5. വിരമിച്ച തീയതി / സർവീസിലിരിക്കെ മരണപ്പെട്ട തീയതി (ആവശ്യമുള്ളത് ടിക് മാർക്ക് ചെയ്യുക) | |
| 6. പെൻഷണർ മരണപ്പെട്ട തീയതി (വിരമിച്ച ശേഷം മരണപ്പെട്ട സാഹചര്യത്തിൽ) | |
| 7.വിരമിക്കുന്ന സമയത്തെ തസ്തിക, അടിസ്ഥാന ശമ്പളം, ശമ്പള സ്കെയിൽ | |
| 8. വിരമിക്കുന്ന സമയത്തെ ശമ്പള സ്കെയിലിന് അനുസൃതമായ പരിഷ്കരിച്ച സ്കെയിൽ | |
| 9. യോഗ്യസേവനകാലം | |
| 10. സർവീസിൽ ചേർന്ന തീയതി | |
| 11. പെൻഷൻ / കുടുംബ പെൻഷൻ വാങ്ങാനാരംഭിച്ച തീയതി | |

| | |
|---|---|
| 12. പെൻഷണർ നൽകാൻ ആഗ്രഹിക്കുന്ന മറ്റ് വിവരങ്ങൾ | |

മേൽ പറഞ്ഞ വിവരങ്ങൾ എന്റെ അറിവിലും ഉത്തമബോധ്യത്തിലും സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

പെൻഷണർ/കുടുംബപെൻഷണറുടെ പേരും ഒപ്പം

സ്ഥലം :

തീയതി :

## അനുബന്ധം 2

## സാക്ഷ്യപത്രം

പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായി ഞാൻ, .................................................. (പേര്, പി.പി.ഒ നം.) അധിക തുക കൈപ്പറ്റിയതായി ഭാവിയിൽ കണ്ടെത്തുന്നപക്ഷം ടി തുക എന്റെ ഡി.സി.ആർ.ജി, പെൻഷൻ കുടിശ്ശിക, ക്ഷാമാശ്വാസ കുടിശ്ശിക, ക്ഷാമാശ്വാസം എന്നിവയിൽ നിന്ന് ഈടാക്കുന്നതിന് ഞാൻ ഇതിനാൽ സമ്മതിച്ചു കൊള്ളുന്നു.

പെൻഷണർ/കുടുംബ പെൻഷണറുടെ പേരും ഒപ്പം

സ്ഥലം:

തീയതി:

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 01-02-2023

ഫയൽ നം. പെൻ-ബി1(പി.യു.-സി4)/85/2021/ധന.(ഇ-1800247). ഇനം നം: 1351

വിഷയം : ധനകാര്യ വകുപ്പ് - കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

1351

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | പെൻ-ബി1(പി.യു-സി4)/85/2021-ധന (ഇ-1800247) |
| 2 | വകുപ്പ് | ധനകാര്യ വകുപ്പ് |
| 3 | വിഷയം | കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരിക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 12/01/2023 (നോട്ട് #164) |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ | ഉണ്ട് |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | ഫയൽ ധനകാര്യ വകുപ്പ് തന്നെയാണ് കൈകാര്യം ചെയ്യുന്നത് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ഷിബു. എ |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീ. സഞ്ജയ് എം കൗൾ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 17/01/2023 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി.പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 18/01/2023 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.എൻ. ബാലഗോപാൽ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 28/01/2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 30/01/2023 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

**മന്ത്രി സഭായോഗത്തിനുള്ള കുറിപ്പ്**

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ/കുടുംബ പെൻഷൻ/മറ്റ് അനുബന്ധ ആനുകൂല്യങ്ങൾ എന്നിവ 01.07.2019 തീയതി മുതൽ മുൻകാല പ്രാബല്യത്തോടെ പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

**2)** 07.06.2022 തീയതിയിലെ ജി.ഒ(എം.എസ്) നം.04/2022/ഇ.എൻ.വി.റ്റി പ്രകാരം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും പരിഷ്കരിച്ച സാഹചര്യത്തിൽ ടി ബോർഡിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷനും മറ്റ് പെൻഷൻ ആനുകല്യങ്ങളും 01/07/2019 പ്രാബല്യത്തിൽ പരിഷ്കരിക്കേണ്ടതായിട്ടുണ്ട്.

**3)** കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും വിരമിച്ച **159** പെൻഷൻകാർക്കും **21** കുടുംബപെൻഷൻകാർക്കും നിലവിൽ പെൻഷൻ നൽകുന്നതിന് പ്രതിമാസം **35** ലക്ഷം രൂപ ചെലവ് വരുന്നു. പതിനൊന്നാം പെൻഷൻ പരിഷ്കരണം നടപ്പിലാക്കുമ്പോൾ പ്രതിമാസം ഏകദേശം **13.30** ലക്ഷം രൂപ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതാണ്. 01.07.2019 മുതൽ 31.12.2022 വരെയുള്ള പെൻഷൻ പരിഷ്കരണ കുടിശ്ശിക നൽകുന്നതിനു ഏകദേശം **2,11,52,455/-** രൂപയും ഡി.സി.ആർ.ജി, കമ്മ്യൂട്ടേഷൻ എന്നിവയുടെ കുടിശ്ശിക നൽകുന്നതിനു ഏകദേശം **76** ലക്ഷം രൂപയും ചെലവ് വരുന്നതാണ്. സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ പരിഷ്കരണ ഉത്തരവിന്റെ വെളിച്ചത്തിൽ (12.02.2021 ലെ സ.ഉ.(പി)നം.30/2021/ധന, 23.02.2021 ലെ സ.ഉ.(പി)നം.35/2021/ധന) ചുവടെ പറയുന്ന വ്യവസ്ഥകൾക്കനുസൃതമായി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷനും പരിഷ്കരിക്കാവുന്നതാണ്.

- 01.04.2013 ന് മുൻപ് റഗുലർ സർവ്വീസിൽ പ്രവേശിച്ച് വിരമിച്ചവർക്ക് മാത്രമാണ് ഇത് ബാധകം.
- 12/02/2021 തീയതിയിലെ 12.02.2021 ലെ സ.ഉ.(പി)നം.30/2021/ധന, 23.02.2021 ലെ സ.ഉ.(പി)നം.35/2021/ധന എന്നീ ഉത്തരവുകൾ പ്രകാരം പെൻഷൻ

പരിഷ്കരിക്കാവുന്നതും, 19/03/2021 തീയതിയിലെ പരിപത്രം നം.27/2021/ധന, 27/03/2021 തീയതിയിലെ പരിപത്രം നം.30/2021/ധന, 02.06.2021-ലെ സ.ഉ(പി)നം.80/2021/ധന, 02/07/2021 തീയതിയിലെ പരിപത്രം നം.50/2021/ധന, 19/07/2021 തീയതിയിലെ പരിപത്രം നം. 57/2021/ധന എന്നിവയിലെ പെൻഷൻ/കുടുംബ പെൻഷൻ പരിഷ്കരണ കുടിശ്ശിക സംബന്ധിച്ച വ്യവസ്ഥകൾ ഒഴികെയുള്ളവ ബാധകമാക്കാവുന്നതുമാണ്.

- പാർട്ട്-ടൈം പെൻഷൻകാർക്കും, എക്സ് ഗ്രേഷ്യ പെൻഷൻകാർക്കും 12.02.2021 ലെ സ.ഉ.(പി)നം.30/2021/ധന, 23.02.2021 ലെ സ.ഉ.(പി)നം.35/2021/ധന എന്നിവയിലെ പെൻഷൻ/കുടുംബ പെൻഷൻ പരിഷ്കരണ കുടിശ്ശിക സംബന്ധിച്ച വ്യവസ്ഥകൾ ഒഴികെയുള്ളവ ബാധകമാക്കാവുന്നതാണ്.
- 12.02.2021 ലെ സ.ഉ.(പി)നം.30/2021/ധന, 23.02.2021 ലെ സ.ഉ.(പി)നം.35/2021/ധന എന്നീ ഉത്തരവുകൾ പ്രകാരം പ്രതിമാസ കുറഞ്ഞ അടിസ്ഥാന പെൻഷൻ/കുടുംബ പെൻഷൻ 11,500/-രൂപയായും കൂടിയ പെൻഷൻ 83,400/- രൂപയായും (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ഉയർന്ന ശമ്പള സ്കെയിലായ 1,66,800/- രൂപയുടെ 50%) ഏറ്റവും കൂടിയ കുടുംബ പെൻഷൻ 50,040/- രൂപയായും (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ഉയർന്ന ശമ്പള സ്കെയിലായ 1,66,800/- രൂപയുടെ 30%) വർദ്ധിപ്പിക്കാവുന്നതാണ്.
- 01.04.2021 മുതൽ പരമാവധി ഡി.സി.ആർ.ജി തുക 17,00,000/- രൂപയായി നിജപ്പെടുത്താവുന്നതാണ്.
- പെൻഷൻ/കുടുംബ പെൻഷൻ പരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച് പിന്നീട് തീരുമാനം ഉണ്ടാകുന്നതാണ്.
- പരിഷ്കരിച്ച പെൻഷൻ/കുടുംബ പെൻഷൻ 01.02.2023 മുതൽ പണമായി വിതരണം ചെയ്യുന്നതാണ്. 01/07/2019-നോ അതിനുശേഷമോ വിരമിച്ചവരുടെ,

ഡി.സി.ആർ.ജി / ടെർമിനൽ സറണ്ടർ കുടിശ്ശിക എന്നിവ തുല്യ ഗഡുക്കളായിട്ട് വിഭജിച്ച്, ആദ്യ രണ്ട് ഗഡുക്കൾ 2023 ഫെബ്രുവരി മാസത്തിലെ പെൻഷനോടൊപ്പവും ബാക്കി രണ്ട് ഗഡുക്കൾ സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച പെൻഷൻകാർക്ക് അനുവദിക്കുന്ന തീയതികളിലും നൽകാവുന്നതാണ്. കമ്മ്യൂട്ടേഷൻ കുടിശ്ശിക ഒറ്റത്തവണയായി 01/02/2023 ന് പണമായി വിതരണം ചെയ്യാവുന്നതാണ്.

- അർഹതപ്പെട്ട ഡി.സി.ആർ.ജി/ടെർമിനൽ സറണ്ടർ എന്നിവ പരിഷ്കരിച്ചതിന്റെ മുഴുവൻ കുടിശ്ശികയും സ്വീകരിക്കാതെ പെൻഷനർ മരണപ്പെടുന്ന സാഹചര്യങ്ങളിൽ, മരണമടയുന്ന തീയതി വരെയുള്ള പ്രസ്തുത കുടിശ്ശിക പെൻഷനറുടെ നോമിനി/നിയമപരമായ അവകാശികൾക്ക് 01.09.2022 ലെ സ.ഉ(പി)നം.103/2022/ധന ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം നൽകാവുന്നതാണ്.
- പെൻഷൻ പരിഷ്കരണം വഴി എന്തെങ്കിലും അധിക തുക തെറ്റായി നൽകിയതായി ഭാവിയിൽ കണ്ടെത്തുന്ന പക്ഷം ടി തുക, ഡി.സി.ആർ.ജി-യുടെ കുടിശ്ശിക, പെൻഷന്റെ കുടിശ്ശിക, ക്ഷാമാശ്വാസ കുടിശ്ശിക, ഭാവിയിലെ ക്ഷാമാശ്വാസം എന്നിവയിൽ നിന്ന് ഈടാക്കാവുന്നതാണ്.
- മെഡിക്കൽ അലവൻസായി നിലവിലെ നിരക്കായ 500/- രൂപ 01.04.2021 പ്രാബല്യത്തിൽ അനുവദിക്കാവുന്നതാണ്.
- 23.02.2021 ലെ സ.ഉ.(പി)നം.35/2021/ധന പ്രകാരം 80 വയസ്സ് തികഞ്ഞ പെൻഷൻ/കുടുംബ പെൻഷൻ/ പാർട്ട്-ടൈം പെൻഷൻ/പാർട്ട്-ടൈം കുടുംബ പെൻഷൻ/ എക്സ് ഗ്രേഷ്യ പെൻഷൻ/എക്സ് ഗ്രേഷ്യ കുടുംബ പെൻഷൻകാർ എന്നിവർക്ക് 01.04.2021 പ്രാബല്യത്തിൽ 1000/- രൂപ സ്പെഷ്യൽ കെയർ അലവൻസ് അനുവദിക്കാവുന്നതാണ്.
- 01/04/2021 മുതൽ 01/01/2023 വരെയുള്ള മെഡിക്കൽ അലവൻസ്, സ്പെഷ്യൽ കെയർ അലവൻസ് എന്നിവയുടെ കുടിശിക 2023 ഫെബ്രുവരി മാസത്തെ പെൻഷനോടൊപ്പം നൽകാവുന്നതാണ്.

- പെൻഷൻ പരിഷ്കരണം മൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഇതേ ആവശ്യത്തിനുള്ള സിങ്കിംഗ് ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതാണ്. ബഡ്ജറ്റ് വിഹിതത്തിനുപരിയായി സർക്കാർ അധിക ധനസഹായം അനുവദിക്കുന്നതല്ല.

**4)** കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ/കുടുംബ പെൻഷൻ, മറ്റ് അനുബന്ധ ആനുകൂല്യങ്ങൾ എന്നിവ പരിഷ്കരിക്കുന്ന വിഷയം ബഹു.മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് ബഹു.മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ മുൻ ഖണ്ഡിക 3-ൽ പറഞ്ഞ വ്യവസ്ഥകൾക്കനുസരിച്ച് പരിഷ്കരിക്കാമോ?